**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6673** **11-07-2024 - ൽ മറുപടിയ്ക്ക്**

**കക്കയം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം ജി.എൽ.പി. സ്കൂളിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് നിർമ്മിച്ച പുതിയ കെട്ടിടം അശാസ്ത്രീയവും, കുട്ടികൾക്ക് ഉപയോഗപ്രദമല്ലായെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കക്കയം ജി.എൽ.പി. സ്കൂളിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലം ചെങ്കുത്തായ ഒരു കുന്നിന്റെ മുകൾ ഭാഗത്താണ്. നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ മുൻഭാഗം ഉൾപ്പെടെ പാറക്കെട്ടുകൾ നിറഞ്ഞതും സ്കൂളിലേക്ക് റോഡ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ എന്നിവ ഇല്ലാത്തതുമാണ്. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിച്ചിട്ട് എത്ര വർഷമായി എന്നും പ്രസ്തുത സ്കൂളിനായി ഭൂമി വാങ്ങിയതും, കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ഏത് ഫണ്ട് വിനിയോഗിച്ചാണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത കെട്ടിടം നിർമ്മിച്ചിട്ട് 11 വർഷമായി. പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് സമഗ്രശിക്ഷാ കേരളയാണ് കെട്ടിടം നിർമ്മിച്ചത്. |
| (സി) | കക്കയം ജി.എൽ.പി. സ്കൂളിന് ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടും, സ്കൂളിന് അനുയോജ്യമല്ലാത്ത ഭൂമിയിൽ കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ടും വിജിലൻസ് കേസ് നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | സ്കൂളിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടെങ്കിലും കേസ് സംബന്ധമായ രേഖകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) | തികച്ചും അശാസ്ത്രീയമായി പ്രസ്തുത കെട്ടിട നിർമ്മാണം നടത്തിയവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാവുമോ; വ്യക്തമാക്കാമോ; | (ഡി) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും സ്കൂളിന് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട് തടസ്സ വാദം ഉന്നയിച്ചതിന്മേൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നടപടികൾ നടന്നു വരുന്നു.. |
| (ഇ) | പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും സ്കൂളിന് സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട് തടസ്സ വാദം ഉന്നയിച്ചതിന്മേൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നടപടികൾ നടന്നു വരുന്നു.. |

സെക്ഷൻ ഓഫീസർ